കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - എറണാകുളം, ഒളരിക്കര, മുളങ്കുന്നത്തുകാവ് എന്നീ ഇ.എസ്.ഐ ആശുപത്രികളിലെ മൂന്ന് വാൻ ക്ലീനർമാരുടെയും എറണാകുളം, ഒളരിക്കര എന്നീ ഇ.എസ്.ഐ ആശുപത്രികളിലെ രണ്ട് ബാർബർമാരുടെയും തസ്തികകൾ നിർത്തലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

**സ.ഉ.(കൈ) നം.7/2018/തൊഴിൽ** തീയതി,തിരുവനന്തപുരം, 24/02/2018

പരാമർശം:- 1) 02.10.2001 ലെ സ.ഉ.(പി)നം.1208/ 2001/ധന.
2) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 25.10.2016, 15.11.2016, 25.07.2017, 17.10.2017 തീയതികളിലെ ബി2-19971/2016/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ

ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ എറണാകുളം, ഒളരിക്കര, മുളങ്കുന്നത്തുകാവ് എന്നീ ഇ.എസ്.ഐ ആശുപത്രികളിൽ മൂന്ന് വാൻ ക്ലീനർമാരുടെയും എറണാകുളം, ഒളരിക്കര എന്നീ ഇ.എസ്.ഐ ആശുപത്രികളിൽ രണ്ട് ബാർബർമാരുടെയും തസ്തികകൾ കാലാകാലങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ് എന്നും ടി തസ്തികകൾ ആശുപത്രിക്ക് അനിവാര്യമല്ലാത്തതിനാൽ ആയത് നിർത്തലാക്കണം എന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നിർത്തലാക്കേണ്ടതുണ്ട്. ആയതിനാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്ന എറണാകുളം, ഒളരിക്കര, മുളങ്കുന്നത്തുകാവ് എന്നി ഇ.എസ്.ഐ ആശുപത്രികളിലെ മൂന്ന് വാൻ ക്ലീനർമാരുടെയും എറണാകുളം, ഒളരിക്കര ഇ.എസ്.ഐ ആശുപത്രികളിലെ രണ്ട് ബാർബർമാരുടെയും തസ്തികകൾ

നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മോഹനകുമാർ.എ.കെ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ
സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, എറണാകുളം, ഒളരിക്കര, മുളങ്കുന്നത്തുകാവ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഡി.ബി.സെൽ /ഓഡിറ്റ്),കേരളം, തിരുവനന്തപുരം.
ധന വകുപ്പ് (30.04.2017-ലെ 412080 /എച്ച്&എൽ- ബി 1/2017-ധന പ്രകാരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.
പകർപ്പ്:ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

---

**<u>മേലെഴുത്ത് കത്ത് നം.ബി2-19971/2016/ഡി.ഐ.എം.എസ്.തീയതി.07/03/2018.</u>**

ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തരനടപടികൾകക്കുമായി അയയ്ക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർക്ക് വേണ്ടി.

സ്വീകർത്താവ്,

1) റീജീയണൽ ഡെപ്യൂട്ടി ഡയറക്ടർ,
   ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് മദ്ധ്യമേഖല,എറണാകുളം.
2) സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി,എറണാകുളം,ഒളരിക്കര, മുളംങ്കുന്നത്തുകാവ്.
3) എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ട്/ഇ5 സെക്ഷൻ/ഇ-ഗവൺമെന്റ് സെക്ഷൻ (വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)